"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കുകളുടെ വാലിഡേഷൻ പ്രവൃത്തിക്കായുള്ള കെ.എസ്.ആർ.ഇ.സി - യുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**1374/2025/RD** തീയതി,തിരുവനന്തപുരം, **08-06-2025**

---

പരാമർശം:-

1. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ **20.03.2025**-ൽ ചേർന്ന യോഗത്തിന്റെ തീരുമാനം.
2. **25.03.2025**-ലെ കെ.എസ്.ആർ.ഇ.സി ഡയറക്ടറുടെ **A-100/2016/KSREC** നമ്പർ റിപ്പോർട്ട്.
3. **01.02.2023**-ലെ സ.ഉ.(സാധാ)നം.**541/2023/RD** പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ **23.05.2025**-ലെ യോഗതീരുമാനം.

**ഉത്തരവ്**

**2008**-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട്, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ പരാമർശം **(1)** പ്രകാരമുള്ള യോഗതീരുമാനപ്രകാരം, ഡാറ്റാബാങ്ക് വാലിഡേഷൻ പ്രവൃത്തി **3** മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി, കെ.എസ്.ആർ.ഇ.സി - ക്ക് നിർദ്ദേശം നല്കിയിരുന്നു.

**2.** പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഡാറ്റാ ബാങ്കിന്റെ വാലിഡേഷൻ പ്രവൃത്തിക്കായി വേണ്ടുന്ന അധിക വിഭവ ശേഷിയുടെ ആവശ്യത്തിലേക്കായി കെ.എസ്.ആർ.ഇ.സി ഡയറക്ടർ ലഭ്യമാക്കിയ പരാമർശം **(2)** പ്രകാരമുള്ള പ്രൊപ്പോസൽ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി **01.02.2023**-ലെ സ.ഉ.(സാധാ)നം.**541/2023/RD** പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ **23.05.2025**-ലെ യോഗം വിശദമായി പരിശോധിച്ചു.

**3.** കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം **14** ഉപചട്ടം **(2)** (ഡി) പ്രകാരം, ആക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉപഗ്രഹ ചിത്രങ്ങൾ

ശേഖരിക്കുന്നതിനു വേണ്ടിവരുന്ന ചെലവുകളുടെ ആവശ്യത്തിലേക്കായി കാർഷിക അഭിവൃദ്ധി ഫണ്ടിലെ തുക ചെലവഴിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

4. ആയതിനാൽ, പരാമർശം (3)-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഡാറ്റാ ബാങ്കിന്റെ വാലിഡേഷൻ പ്രവൃത്തിക്കായി, പരാമർശം (2)-ലെ പ്രൊപ്പോസൽ പ്രകാരമുള്ള **230.80** ലക്ഷം രൂപ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കെ.എസ്.ആർ.ഇ.സി, വികാസ് ഭവൻ, തിരുവനന്തപുരം
കൃഷി വകുപ്പ്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E)/(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നമ്പർ - REV-P1/280/2017-REV )

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 09-06-2025 13:12:11
സെക്ഷൻ ഓഫീസർ

ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
ബഹു.റവന്യൂ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്
ബഹു.കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്